പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3976

16-05-2017 ൽ മറുപടിക്ക്

# മണ്ണ്- ജലസംരക്ഷണ പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ. കൃഷ്ണൻകുട്ടി
ശ്രീ. സി.കെ. നാണു
ശ്രീ. എ. കെ. ശശീന്ദ്രൻ
ശ്രീ. കെ.ബി.ഗണേഷ് കുമാർ

**മറുപടി**

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) മണ്ണ്സംരക്ഷണ വകുപ്പിന്റെ കീഴിൽ നടത്തുന്ന മണ്ണ് ജലസംരക്ഷണ പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഈ വർഷം നടപ്പിലാക്കുന്ന നീർത്തടാധിഷ്ഠിത പദ്ധതികൾ ഏതെല്ലാമാണെന്നും ഹരിതകേരള മിഷൻ പരിപാടിയുമായി ചേർന്ന് ഏതെല്ലാം പദ്ധതികളാണ് ഈ വർഷം നടപ്പിലാക്കാൻ പോകുന്നതെന്നും വ്യക്തമാക്കാമോ; | എ) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന മണ്ണ് ജല സംരക്ഷണ പദ്ധതികളുടെ വിവരം താഴെ പറയുന്നവയാണ്.<br>1. നബാർഡ് ധനസഹായത്തോടുകൂടിയുള്ള (ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി) ആർ.ഐ.ഡി.എഫ് മണ്ണ് സംരക്ഷണ പദ്ധതി: വെള്ളപ്പൊക്കവും കാർഷിക വരൾച്ചയും പരിമിതപ്പെടുത്തുവാനും കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് വാട്ടർഷെഡ് അടിസ്ഥാനത്തിൽ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നു.<br>2. മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ ബാധിത/ സാധ്യത പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി: ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം സംസ്ഥാനത്ത് കൃഷി നാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണു സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.<br>3. ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശ സംരക്ഷണം: തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ശുദ്ധജല വിതരണ പദ്ധതിയുടെയും കൊല്ലം ജില്ലയിലെ |

| | | |
|---|---|---|
| | | ശാസ്താംകോട്ട ശുദ്ധജല വിതരണ പദ്ധതിയുടെയും ജല സംഭരണികളുമായി ബന്ധപ്പെട്ട വൃഷ്ടി പ്രദേശത്തെ മണ്ണൊലിപ്പ് നിയന്ത്രണ വിധേയമാക്കുന്നതിലൂടെ ബന്ധപ്പെട്ട ജല സംഭരണികളുടെ സംരക്ഷണം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.<br>2017-18 സാമ്പത്തിക വർഷം നബാർഡ് ധനസഹായത്തോടുകൂടിയുള്ള (ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി) ആർ.ഐ.ഡി.എഫിന്റെ 17 മുതൽ 22 വരെയുള്ള ഘട്ടങ്ങളിലെ മണ്ണ് സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുട നീളം വിവിധ നീർത്തടങ്ങളിലായി 4000 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ഹരിതകേരള മിഷനുമായി സംയോജിച്ചാണ് നടപ്പിലാക്കുന്നത്. |
| ബി) മണ്ണ് പരിശോധന നടത്തുന്നതിന് ഏതെല്ലാം ജില്ലകളിൽ കർഷകർക്ക് സഹായകരമായ രീതിയിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | മണ്ണ് പരിശോധന നടത്തുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും മണ്ണ് പരിശോധനാ ലാബുകളും തിരുവനന്തപുരം ജില്ലയിൽ കേന്ദ്ര മണ്ണ് സസ്യ പരിപോഷണ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. പത്തനംതിട്ട, കാസർഗോഡ് ജില്ലകളിലൊഴികെ മറ്റെല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകളുണ്ട്. എന്നാൽ വയനാട്, ഇടുക്കി ജില്ലകളിലെ മണ്ണ് പരിശോധനാ ലാബുകളിൽ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.<br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 7 സ്ഥിരം മണ്ണ് പരിശോധനശാലകളും ഒരു സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാലയും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ കേന്ദ്ര മണ്ണ് പരിശോധനശാല, സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാല, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ പ്രാദേശിക മണ്ണ് പരിശോധനശാലകൾ, വയനാട് ജില്ലയിലെ ഹൈടെക് മണ്ണ് പരിശോധനശാല, പത്തനംതിട്ട, കാസർഗോഡ് ജില്ലകളിലെ സോയിൽ ആന്റ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ എന്നിവിടങ്ങളിൽ കർഷകർ നേരിട്ടും, മണ്ണ് പര്യവേക്ഷണ ജില്ലാ |

| | | |
|---|---|---|
| | | ഓഫീസുകൾ മുഖാന്തിരവും എത്തിക്കുന്ന മണ്ണുസാമ്പിളുകളുടെ രാസ ഭൗതിക പരിശോധനകൾ നടത്തി മണ്ണ് പരിശോധനാ റിപ്പോർട്ടുകൾ തയ്യാറാക്കി നൽകിവരുന്നു. കൃഷിഭൂമിയിലെ ഓരോ വിളകൾക്കും മണ്ണിലെ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെയുള്ള അവശ്യ മൂലകങ്ങളുടെ തോതിനനുസൃതമായിട്ടുള്ള വളപ്രയോഗ ശിപാർശകളും പരിപാലന മുറകളും ഉൾപ്പെടുത്തിയാണ് സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്യുന്നത്. |
| സി) മണ്ണ് സംരക്ഷണ പര്യവേക്ഷണ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് സംസ്ഥാനത്ത് കൃഷിവകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് കേന്ദ്ര സോയിൽ ഹെൽത്ത് കാർഡ് പദ്ധതി. സംസ്ഥാനത്തെ എല്ലാ കർഷകർക്കും കൃഷിയിടങ്ങളിലെ മണ്ണിന്റെ ആരോഗ്യപരിപാലനത്തെക്കുറിച്ചുള്ള ആധികാരിക മാർഗ്ഗരേഖയായ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതുകൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലും, എൻ.എം.എസ്.എ (നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ) -യിൽ ഉൾപ്പെടുത്തി വയനാട്, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലും പദ്ധതി പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ